# INSTITUTE OF INTEGRATED MEDICAL SCIENCES
## (GOVERNMENT MEDICAL COLLEGE, PALAKKAD)
EAST YAKKARA, KUNNATHURMEDU P.O., PALAKKAD,KERALA 678 013

Ph :0491 2951010 e-mail: gmcpkd.cedn@kerala.gov.in Website: www.gmcpalakkad.in


No. P/3308/GMC/PKD/2022 (1) തീയതി: 21/08/2026

## പുനർ ക്വട്ടേഷൻ നോട്ടീസ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് (മെഡിക്കൽ കോളേജ്) പാലക്കാടിലേക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഡ്രൈവറോട്ടുകൂടിയ SUV/MUV (on the road price of the new car in between 12 lakhs and 14 lakhs) പ്രതിമാസം 500 കി.മീ. വരെ ഓടുന്നതിന് ഏറ്റവും കുറഞ്ഞ തുകയും, 501 കി.മീ മുതൽ 1500 കി.മീ വരെ ഓടുന്നതിന് ഏറ്റവും കുറഞ്ഞ തുകയും , 1500 കി. മീ ന് മുകളിൽ അധികമായി ഓടുന്ന ഓരോ കിമീറ്ററിനും ഏറ്റവും കുറഞ്ഞ തുകയും, താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ളതും ബന്ധപ്പെട്ട മേഖലയിൽ പരിചയമുള്ളതുമായ സ്ഥാപനങ്ങളിൽ/ ഏജൻസികളിൽ/ വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. നിർദ്ദിഷ്ട ക്വട്ടേഷനിൽ വാഹന ഉടമയുടെ പേര്, മേൽവിലാസം ഫോൺ നമ്പർ, ആധാർ കാർഡ് നമ്പർ, വാഹന വിവരങ്ങൾ (കമ്പനിയുടെ പേര്, വാഹനത്തിൻറെ പേര്, മോഡൽ, നിർമ്മാണ വർഷം, രജിസ്റ്റർ നമ്പർ, മുതലായവ) രേഖപ്പെടുത്തേണ്ടതും, ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമയിലും ക്വട്ടേഷൻ ലഭ്യമാക്കേണ്ടതാണ്.

ഒട്ടിച്ച കവറിലുള്ള ക്വട്ടേഷനുകൾ **09/09/2026** തിയതി 2 PM ന് മുൻപായി ഡയറക്ടർ, പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസസ് (ഗവ.മെഡിക്കൽ കോളേജ്),ഈസ്റ്റ് യാക്കര, കുന്നത്തൂർമേട്(പി.ഒ), പാലക്കാട് - 678 013 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേദിവസം 2.30 ന് ക്വട്ടേഷനുകൾ സമർപ്പിച്ചവരിൽ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷൻ അംഗീകരിക്കുന്നതും നിരസിക്കുന്നതും സംബന്ധിച്ചുള്ള അന്തിമമായ തീരുമാനം ഡയറക്ടറുടേതായിരിക്കും. കൂടുതൽ വിശദാംശങ്ങൾ ലഭിക്കുന്നതിനും മറ്റ് വിവരങ്ങൾക്കും പ്രവൃത്തി ദിവസങ്ങളിൽ മെഡിക്കൽ കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ: 0491 2951010.

### നിബന്ധനകൾ

- 1500 കിലോ മീറ്ററിന് മുകളിലായി പ്രസ്തുത മാസം ഓടിയില്ലെങ്കിൽ 3 മാസം കൂടുമ്പോൾ (Block of 3 Months = 4500 KM) കണക്കുകൾ തീർപ്പാക്കി അധിക കിലോ മീറ്ററുകൾക്ക് തുക നൽകുന്നതാണ്.
- ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, മെയിൻറ്റനൻസ് ചെലവ്, ഇൻഷുറൻസ്, ടോൾ ഉൾപ്പെടെ മറ്റ് എല്ലാ ചെലവുകളും വാഹന ഉടമ വഹിക്കേണ്ടതാണ്.
- മേൽ ചെലവുകളുടെ അംഗീകരിച്ചിട്ടുള്ള നിരക്കിന്റെ പരിധിയിലുള്ള ബില്ലുകൾ യഥാസമയം ഹാജരാക്കേണ്ടതാണ്. ഫണ്ടിൻറെ ലഭ്യതക്കനുസരിച്ച് തുക അനുവദിക്കുന്നതാണ്.
- വാഹനവുമായി ബന്ധപ്പെട്ട രേഖകൾ (ഡ്രൈവറുടെ ലൈസൻസ്, ആധാർ, ടാക്സ്, ഇൻഷുറൻസ് രേഖകൾ, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, R.C. ബുക്ക് മുതലായവ) യഥാസമയം വാഹന ഉടമ പുതുക്കി സൂക്ഷിക്കേണ്ടതാണ്. കോപ്പി IIMS -ൽ സമർപ്പിക്കേണ്ടതുമാണ്.
- ആവശ്യപ്പെട്ടവാഹനം 24 മണിക്കൂറും ആവശ്യാനുസരണം സേവനത്തിനായി ലഭ്യമായിരിക്കണം.
- മീറ്റർ റീഡിംഗ് തുടങ്ങുന്നത് സ്ഥാപനത്തിൽ നിന്നും വാഹനം പുറപ്പെടുന്നത് മുതൽ , ഉദ്യോഗസ്ഥൻ ഉപയോഗിക്കുന്നത് മുതൽ ആയിരിക്കണം. വാഹന ഉടമയുടെ സ്ഥാപനം, പാർക്കിംഗ് ഏരിയ എന്നിവിടങ്ങളിലേക്ക് പോകുന്ന ദൂരം സ്ഥാപനത്തിന് വേണ്ടി ഓടിയതായി കണക്കാക്കില്ല.

- വാഹനത്തിൻറെ മീറ്റർ റീഡിങ്, ലോഗ് ബുക്ക് എന്നിവ എപ്പോൾ വേണമെങ്കിലും സ്ഥാപനം ചുമതലപ്പെടുന്ന ഉദ്യോഗസ്ഥൻ പരിശോധിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.
- ഡ്രൈവറുടെ പേര്, വിലാസം, ലൈസൻസ് തുടങ്ങിയ വിവരങ്ങൾ വാഹന ഉടമ സമർപ്പിക്കേണ്ടതാണ്. മുൻകൂട്ടി അറിയിക്കാത്ത പക്ഷം ഡ്രൈവറെ മാറ്റി നിയമിക്കുവാൻ പാടുള്ളതല്ല.
- വാഹനവുമായി ബന്ധപ്പെട്ട ജീവനക്കാർ (ഡ്രൈവർ ഉൾപ്പെടെ) ക്രിമിനൽ കേസുകളിൽ ഉൾപ്പെടാത്തവരും ഡ്യൂട്ടി സമയങ്ങളിൽ മദ്യമോ, യാതൊരുവിധ ലഹരിപദാർത്ഥങ്ങളോ ഉപയോഗിക്കാത്തവരായിരിക്കണം. മാത്രമല്ല മറ്റ് ജീവനക്കാരോട് മാതൃകാപരമായി പെരുമാറുന്നവരുമായിരിക്കണം.
- ഡ്രൈവറിന് PCC (Police Clearance Certificate) ഉണ്ടായിരിക്കണം.
- വാഹനം സൂക്ഷ്മതയോടുകൂടി അപകടരഹിതമായി നിയമാനുസൃതവും ഓടിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അപകടമോ ഗതാഗത വേളയിൽ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളോ ഉണ്ടാകുന്ന പക്ഷം ആയതിൻറെ നിയമപരവും സാമ്പത്തികവുമായ പൂർണ്ണ ഉത്തരവാദിത്തം വാഹന ഉടമയിൽ നിക്ഷിപ്തമായിരിക്കും.
- വാഹനത്തിൻറെ അകവും പുറവും ദിവസേന ശുചിത്വ പൂർവ്വം പരിപാലിച്ച് പോരുന്നതിന് വാഹന ഉടമ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- അടിയന്തിര സാഹചര്യത്തിൽ വാഹന ഉടമയെ അറിയിച്ച് ഉടൻ പ്രാബല്യത്തിലോ മേൽ വ്യവസ്ഥകൾ വാഹന ഉടമ ലംഘിക്കുന്ന പക്ഷം അറിയിപ്പ് നൽകി 15 ദിവസത്തിനകമോ കരാർ റദ്ദ് ചെയ്യുന്നതിന് സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്. വാഹന ഉടമ വാഹനം സമയത്തിന് ലഭ്യമാക്കാത്ത പക്ഷം സ്ഥാപനത്തിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് വാഹന ഉടമ ഉത്തരവാദിയായിരിക്കും.
- വാഹനം ട്രാൻസ്പോർട്ട് വാഹനമായി രജിസ്റ്റർ ചെയ്തിരിക്കണം
- ക്വട്ടേഷനുകളിൽ അന്തിമ തീരുമാനം എടുക്കുന്നതിനുള്ള അധികാരം നിയമപ്രകാരം ഡയറക്ടറിൽ നിക്ഷിപ്തമാണ്.
- വാഹനത്തിന് രണ്ടു വർഷത്തിൽ കൂടുതൽ പഴക്കം ഉണ്ടാകാൻ പാടുള്ളതല്ല.
- ഇക്കാര്യത്തിൽ സർക്കാരും, ഈ സ്ഥാപനവും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മറ്റു നിബന്ധനകളും അംഗീകരിക്കാൻ സന്നദ്ധരായിരിക്കണം.

ഡയറക്ടർ

DIRECTOR
Govt. Medical College (IIMS), Palakkad

**INSTITUTE OF INTEGRATED MEDICAL SCIENCES**
**(GOVERNMENT MEDICAL COLLEGE, PALAKKAD)**
:AST YAKKARA, KUNNATHURMEDU P.O., PALAKKAD,KERALA 678 013
Ph :0491 2951010 e-mail: *gmcpkd.cedn@kerala.gov.in* Website: www.gmcpalakkad.in

No. P/3308/GMC/PKD/2022

## Quotation for Hiring of Vehicle for the use of IIMS Palakkad

| | | |
|---|---|---|
| 1 | Name & Address of the Bidder | |
| 2 | Details of Vehicle<br>a) Type of Car (Make)<br><br>b) Date of Registration<br><br>c) Registration No. | |
| 3 | Monthly Rental Amount Quoted (Up to 500 Km) | |
| 4 | Monthly Rental Amount Quoted (From 501 Km to 1500 Km) | |
| 5 | Amount per Kilo metre for Additional Kilometre above 1500 Km | |

Place: Signature:

Date: Name: